ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22-11-2025 പ്രധാന വാർത്തകൾ TIME : 07.25 AM

1. യുവജനങ്ങളെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകവുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu has said that the Government has taken various steps to connect the youth with the cultural heritage of the country.**

2. ദക്ഷിണാഫ്രിക്കയിൽ ഇന്ന് ആരംഭിക്കുന്ന ജി20 നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi will attend the G20 leaders' summit starting today in South Africa.**

3. രാജ്യത്തെ തൊഴിലാളികൾക്ക് മികച്ച വേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാൻ പുതിയ ലേബർ കോഡുകൾക്ക് സാധിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that new labour codes can ensure better wages and social security for the country's workers.**

4. ആഗോള സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ അന്താരാഷ്ട്ര സംവിധാനങ്ങൾ ആവശ്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

Defence Minister Rajnath Singh said that new international mechanisms are needed to deal with global conflicts.

5. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം അവസാനിച്ചു. സൂക്ഷ്മപരിശോധന ഇന്ന് ആരംഭിക്കും.

   Filing of nominations for local body elections in Kerala has ended. Scrutiny will begin today.

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ന് ഗുവാഹത്തിയിൽ തുടക്കം.

   The second match of the India-South Africa Test cricket series begins in Guwahati today.

****************************************

**MOR PM-G20 SUMMIT**

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ ഇന്ന് ആരംഭിക്കുന്ന ജി20 നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. സുസ്ഥിര വികസനം, കാലാവസ്ഥാ പ്രവർത്തനങ്ങൾ, ഊർജ്ജ പരിവർത്തനം, ആഗോള ഭരണത്തിലെ പരിഷ്കാരങ്ങൾ ഉൾപ്പെടെയുള്ള മുൻഗണനാ വിഷയങ്ങൾ പ്രധാനമന്ത്രി അവതരിപ്പിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക നേതൃതല യോഗത്തിലും അദ്ദേഹം പങ്കെടുക്കും. 2014 ൽ അധികാരമേറ്റതിനുശേഷം പ്രധാനമന്ത്രി മോദിയുടെ പന്ത്രണ്ടാമത് ജി20 ഉച്ചകോടിയാണിത്. ഉച്ചകോടിയുടെ ഭാഗമായി, പ്രധാനമന്ത്രി മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമാഫോസയുമായും മറ്റ് നിരവധി ലോക നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. 2023 ൽ ഇന്ത്യയുടെ ജി-20 അധ്യക്ഷ കാലയളവിലാണ് ആഫ്രിക്കൻ യൂണിയൻ, കൂട്ടായ്മയിൽ അംഗമാകുന്നത്. ആഫ്രിക്കയിൽ നടക്കുന്ന പ്രഥമ ജി-20 ഉച്ചകോടിയാണിത്. 'ഐക്യദാർഢ്യം, സമത്വം,

സുസ്ഥിരത' എന്നതാണ് ഈ വർഷത്തെ ഉച്ചകോടിയുടെ പ്രമേയം.

***************************************

## PM-SOUTH AFRICA MEETINGS

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസുമായി ചർച്ച നടത്തി. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. വിദ്യാഭ്യാസം, സാംസ്കാരിക കൈമാറ്റം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ വംശജരായ ടെക് സംരംഭകരുമായും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി സംവദിച്ചു. ദക്ഷിണാഫ്രിക്കയിൽ നടന്ന ഭാരത് കോ ജാനിയെ ക്വിസിലെ വിജയികളുമായും മോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള സൗഹൃദത്തിന്റെ ചരിത്രപരമായ ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിൽ ഇന്ത്യൻ പ്രവാസികളുടെ സംഭാവനയെ പ്രധാനമന്ത്രി അഭിനന്ദിച്ചതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

***************************************

## PREZ-BHARATIYA KALAMAHOTSAV (INTRO)

യുവജനങ്ങളെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകവുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. തെലങ്കാനയിലെ സെക്കന്ദരാബാദിൽ രാഷ്ട്രപതി നിലയത്തിൽ നടന്ന ഭാരതീയ കലാമഹോത്സവത്തിന്റെ രണ്ടാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഭാരതീയ കലാ മഹോത്സവ് പോലുള്ള പരിപാടികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് പരസ്പരം മനസ്സിലാക്കാനും കാഴ്ചപ്പാടുകൾ കൈമാറാനും ഇന്ത്യയുടെ വൈവിധ്യമാർന്ന

പാരമ്പര്യങ്ങളോടുള്ള ബഹുമാനം പ്രോത്സാഹിപ്പിക്കാനും വഴിയൊരുക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

***************************************

## SHAH-LABOUR CODES + DG ILO-LABOUR CODES

രാജ്യത്ത് പുതിയ ലേബർ കോഡുകൾ പ്രാബല്യത്തിൽ വന്നതിൽ തൊഴിലാളികളെ അഭിനന്ദിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തൊഴിൽ നിയമങ്ങളുടെ ചരിത്രത്തിൽ ഏറ്റവും വലിയ പരിഷ്കാരമായി ഇവയെ കണക്കാക്കുമെന്നും രാജ്യത്തെ തൊഴിലാളികൾക്ക് മികച്ച വേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാൻ പുതിയ ലേബർ കോഡുകൾക്ക് സാധിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. പുതിയ ലേബർ കോഡുകൾ നിലവിൽ വന്നതിനെ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മേധാവി ഗിൽബെർട് ഹുഓങ്ബോ സ്വാഗതം ചെയ്തു.

***************************************

## RAJNATH-UN

ആഗോള സംഘർഷങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ആധുനിക ലോകത്തിന് പുതിയ അന്താരാഷ്ട്ര സംവിധാനങ്ങൾ ആവശ്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ലഖ്നൗവിൽ നടന്ന ചീഫ് ജസ്റ്റിസുമാരുടെ അന്താരാഷ്ട്ര സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇസ്രായേൽ-ഹമാസ്, യുക്രെയ്ൻ-റഷ്യ തുടങ്ങിയ സംഘർഷങ്ങളിലും സുഡാനിലെ മാനുഷിക പ്രതിസന്ധിയിലും യുഎന്നിന് കൂടുതൽ ശക്തമായി പ്രവർത്തിക്കാമായിരുന്നുവെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ത്യ എല്ലായ്പ്പോഴും അന്താരാഷ്ട്ര നിയമത്തെ ബഹുമാനിക്കുകയും ബഹുമുഖ സഹകരണത്തെ വിലമതിക്കുകയും ചെയ്തിട്ടുള്ള രാഷ്ട്രമാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

***************************************

## RBI UPI-TIPS

അതിർത്തി കടന്നുള്ള പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് സംവിധാനത്തെ മറ്റ് അധികാരപരിധികളിലെ വേഗത്തിലുള്ള പേയ്മെന്റ് സംവിധാനങ്ങളുമായി ബന്ധിപ്പിക്കുമെന്ന് റിസർവ് ബാങ്ക് പ്രഖ്യാപിച്ചു. വിലക്കുറവും കാര്യക്ഷമവും സുതാര്യവുമായ പണമിടപാടുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ജി20 പദ്ധതിരേഖയുമായി ഈ സംരംഭങ്ങൾ സംയോജിപ്പിച്ചിരിക്കുന്നതായും RBI വ്യക്തമാക്കി. RBI യും ദേശീയ പേയ്മെന്റ് കമ്മീഷനും രാജ്യത്തെ ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് സംവിധാനത്തെ യൂറോപ്പിലെ "ടാർഗ്ഗറ്റ്ഡ് ഇൻസ്റ്റന്റ് പേയ്മെന്റ് ഇന്റർഫേസുമായി" ബന്ധിപ്പിക്കുന്നതിൽ യൂറോപ്യൻ സെൻട്രൽ ബാങ്കുമായി സഹകരിച്ച് പ്രവർത്തിക്കുമെന്നും RBI അറിയിച്ചു.

****************************************

## LSGE - NOMINATION

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം അവസാനിച്ചു. സൂക്ഷ്മപരിശോധന ഇന്ന് ആരംഭിക്കും. ഒടുവിൽ ലഭിച്ച കണക്കനുസരിച്ച് സംസ്ഥാനത്ത് ഒരു ലക്ഷത്തി 64,427 നാമനിർദ്ദേശ പത്രികകളാണ് ലഭിച്ചിട്ടുള്ളത്. മലപ്പുറത്താണ് ഏറ്റവും കൂടുതൽ പത്രിക ലഭിച്ചത്. കുറവ് വയനാട്ടിലാണ്. വനിതാ സ്ഥാനാർഥികളാണ് മത്സര രംഗത്ത് മുന്നിൽ. 57,227 വനിതകൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചപ്പോൾ, 51,352 പുരുഷ സ്ഥാനാർഥികളാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ ഇതുവരെ പത്രിക സമർപ്പിച്ചിട്ടുള്ളത്. പത്രിക പിൻവലിക്കാനുള്ള അവസാന ദിനമായ തിങ്കളാഴ്ചക്ക് ശേഷം അന്തിമ മത്സര ചിത്രം തെളിയും.

****************************************

## SIR - MEETING

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിലുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് രാവിലെ തിരുവനന്തപുരത്ത്

നടക്കും. ദേശീയ, സംസ്ഥാന പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.
****************************************

## SIR- SC

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ എസ്.ഐ.ആർ നടപടികൾ മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളിൽ സുപ്രീംകോടതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് നോട്ടീസ് അയച്ചു. കേരള സർക്കാരും, സിപിഎം, കോൺഗ്രസ്, മുസ്ലിംലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച ഹർജികളിലാണ് കോടതി നിർദ്ദേശം. ഹർജികൾ ഈ മാസം 26 ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.
****************************************

## SABARIMALA - FIRE FORCE (INTRO)

ശബരിമലയിൽ 24 മണിക്കൂറും സുരക്ഷാ വലയം തീർത്ത് ഭക്തർക്ക് കരുതലൊരുക്കുകയാണ് അഗ്നിശമനസേന. സോപാനം, മാളികപ്പുറം, ഭസ്മക്കുളം, നടപ്പന്തൽ, ശരംകുത്തി, മരക്കൂട്ടം, പാണ്ടിത്താവളം, കെ.എസ്.ഇ.ബി, കൊപ്രാക്കളം എന്നിങ്ങനെ വിവിധ സ്ഥലങ്ങൾ ഫയർ പോയിന്റുകളായി പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം അരവണ കൗണ്ടറിനടുത്തായി ഫയർ ആൻഡ് റസ്ക്യൂ വിഭാഗത്തിന്റെ പ്രധാന കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്. 86 പേരടങ്ങുന്ന സംഘത്തെയാണ് മരക്കൂട്ടം മുതൽ സന്നിധാനം വരെ വിന്യസിച്ചിട്ടുള്ളത്. അപകട സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും തീർഥാടനം ആരംഭിച്ചതു മുതൽ നിരന്തരമായ ഫയർ ഓഡിറ്റിങ് നടത്തി വരുന്നുണ്ടെന്ന് ജില്ലാ ഫയർ ഓഫീസർ എസ് സൂരജ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************************************

## CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് രാവിലെ 9 ന് ഗുവാഹത്തിയിൽ ആരംഭിക്കും.

വിക്കറ്റ് കീപ്പർ ബാറ്റർ ഋഷഭ് പന്ത് ആണ് ഇന്ത്യയെ നയിക്കുന്നത്. പരിക്കിനെ തുടർന്ന് സ്ഥിരം ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ മത്സരത്തിൽ കളിക്കുന്നില്ല. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ദക്ഷിണാഫ്രിക്കക്കായിരുന്നു വിജയം.

****************************************

## SQUASH- INDIAN OPEN

ഇൻഡോറിൽ നടക്കുന്ന സ്ക്വാഷ് ഇന്ത്യൻ ഓപ്പണിന്റെ വനിതാ ഫൈനലിൽ ഇന്ന് അനാഹത് സിംഗ്- ജോഷ്ന ചിന്നപ്പയെ നേരിടും. സെമിഫൈനലിൽ അനഹത്, അയർലന്റിന്റെ ഹന്ന ക്രെയ്ഗിനെയും ജോഷ്ന ഈജിപ്പ്തിന്റെ നദേലിയൻ എൽഹാമിയെയും പരാജയപ്പെടുത്തിയാണ് ഫൈനലിൽ പ്രവേശിച്ചത്.

****************************************

## RAIN-KERALA

കേരളത്തിൽ നാളെ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

****************************************

## BEEMAPALLY UROOS

ബീമാപള്ളി ഉറൂസ് പ്രമാണിച്ച് തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും ഇന്ന് അവധി. മുൻ നിശ്ചയിച്ചിട്ടുള്ള പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

*

**********************

*******************************************************